**പുസ്തക നിരൂപണം**

# കുടിയേറ്റം – ഏറ്റവും ഇറക്കവും

*(പ്രവാസികളുടെ ഒന്നാം പുസ്തകം – സാംസി കൊടുമൺ)*

**സുധീർ പണിക്കവീട്ടിൽ**







വായനകാരായ മലയാളികൾക്ക് സുപരിചിതനായ എഴുത്തുകാരൻ ശ്രീ സാംസി കൊടുമണ്ണിന്റെ "പ്രവാസികളുടെ ഒന്നാം പുസ്തകം" അദ്ദേഹത്തിന്റെ പ്രഥമ നോവലാണ്. പേരു പോലെ പുസ്തകം പ്രവാസികളുടെ, എന്നാൽ കൂടുതലായി കുടിയേറ്റക്കാരുടെ കഥ പറയുന്നു. ഈ നോവൽ ഒരു എപ്പിസോഡിക്ക് നോവലായി (കഥകൾ പറയുന്നതിനിടയ്ക്ക് വരുന്ന ഉപകഥകൾ) ഈ ലേഖകനനുഭവപ്പെട്ടു. അദ്ധ്യായങ്ങളേക്കാൾ ഓരോ എപ്പിസോഡുകളും അതിൽ നിന്നുരുത്തിരിയുന്ന സംഭവങ്ങളും കൂടിചേരുമ്പോൾ ഒരു

പുതിയ കലാസങ്കേതം രൂപം കൊള്ളുന്ന കാഴ്ച്ച അഭിനന്ദനീയമായി തോന്നി. നോവൽ എന്ന വാക്ക് ഉത്ഭവിച്ചത് ന്യൂ(പുതിയ) എന്നർത്ഥം വരുന്ന ഇറ്റാലിയൻ വാക്ക് നോവല്ലയിൽ നിന്നാണ്. അത്കൊണ്ട് സാഹിത്യത്തിൻെറ ഈ മേഖല പരീക്ഷിക്കുന്ന എഴുത്തുകാർ സ്രുഷ്ടിയിൽ പരീക്ഷണങ്ങൾ നടത്തുക സ്വഭാവികമാണ്. ഒരു പക്ഷെ ഇത്തരം ഒരു കഥ പറയാൻ പരമ്പരാഗതമായ രീതി അവലംബിക്കാതെ സാംസി ഇങ്ങനെ ഒരു രചന രീതി സ്വീകരിച്ചതാകാം. എന്തായാലും അത് വായനകാർ ഇഷ്ടപ്പെടും. കാരണം കാലിഡോസ്കോപ്പിലെ പോലെ അവരുടെ മുന്നിൽ സംഭവ പരമ്പരകൾ നിവരുകയാണ്. മകളെ വഴക്ക് പറയുമ്പോൾ അവൾ അച്ഛനിൽ ബലാത്സംഗ കുറ്റം ചുമത്തി പോലിസിനെ വിളിക്കുക, ഭാര്യയെ മർദ്ദിക്കുന്ന ഭർത്താവിനെ പോലിസിൽ ഏൽപ്പിക്കുക തുടങ്ങിയ സംഭവങ്ങൾ കുടിയേറ്റക്കാർ അമേരിക്കൻ നിയമത്തിൻെറ, സംസ്കാരത്തിൻെറ ആനുകൂല്യം എടുക്കുന്നു എന്ന് കാണിക്കുമ്പോൾ; അവരടക്കം ഭാരതസംസ്കാരം അനുശാസിക്കുന്നത് നിറവേറ്റണം എന്ന ചിന്താഗതികാരാണെന്നാണു നോവൽ വായിക്കുമ്പോൾ അതിൽ നിവർന്നു വരുന്ന സംഭവ പരമ്പരകൾ അനുഭവപ്പെടുത്തുക. മലയാളിയുടെ ഇരട്ടത്താപ്പ് നയവും, രണ്ടു വഞ്ചിയിൽ കാലിട്ട് അവസാനം വെള്ളത്തിൽ വീണു മുങ്ങി തുടിക്കേണ്ടി വരുന്ന കുറെ ജീവിതങ്ങളുടെ നേർപ്പകപ്പ് നോവലിസ്റ്റ് കലാപരമായി ആവിഷ്കരിച്ചിട്ടുണ്ട്.

എസ്.കെ. പൊറ്റെക്കാടിൻെറ ഒരു ദേശത്തിൻെറ കഥ പോലെ (താരതമ്യം ചെയ്യുകയല്ല) ന്യൂയോർക്കിൻെറ പശ്ചാത്തലത്തിൽ പ്രത്യക്ഷപ്പെടുന്ന കുറെ മലയാളികളുടെ കഥ ഈ നോവൽ പറയുന്നു. ഇങ്ങനെ എഴുതപ്പെടുന്ന നോവലുകൾക്ക് കേവലം ഒരു കൽപ്പനാസ്രുഷ്ടി (fiction) എന്നതിൽ ഉപരി അതിൽ പച്ചയായ ജീവിതങ്ങളുടെ ആവിഷ്കാരം കാണാം. ഒരു പക്ഷെ ചരിത്രം രേഖപ്പെടുത്താതെ പോകുന്ന വിവരങ്ങൾ വരും തലമുറയക്ക് ഇതിൽ നിന്ന് പഠിക്കാം. ഈ നോവലിലെ നായകന്മാർ കുടിയേറ്റകാരാണ്. അതെ ഇതിൽ നായകന്മാരാണുള്ളത്. കാരണം ഇത് അനേകരുടെ കഥയാണു. അവരെ തമ്മിൽ കൂട്ടിച്ചേർക്കുന്ന കണ്ണി അവരനുഭവിക്കുന്ന സംസ്കാര സംഘർഷമാണ്. അപ്പോൾ ഈ നോവലിലെ വില്ലൻ അമേരിക്കൻ സംസ്കാരമാണ്. അമേരിക്കൻ സംസ്കാരത്തിനു കോട്ടമൊന്നുമില്ല. കുഴപ്പം മലയാളിയുടെയാണു. അവൻെറ സങ്കൽപ്പങ്ങൾക്കൊപ്പം അമേരിക്കൻ സംസകാരം മാറണമെന്ന ചപല വ്യാമോഹം ഇതിലെ കഥാപാത്രങ്ങളുടെ ജീവിതകഥ വെളിപ്പെടുത്തുന്നു. സ്വപ്നങ്ങൾ സാക്ഷാതകരിക്കാൻ സ്വന്തം വീടും, നാടും വിട്ടു വന്നവർ. അമേരിക്ക കുടിയേറ്റക്കാരുടെ നാടാണ്. ഇവിടെ സംസ്കാരങ്ങൾ തമ്മിൽ തമ്മിൽ അലിഞ്ഞ് ചേരുന്നു, പഴയത് ചിലപ്പോൾ നഷ്ടപ്പെടുന്നു.

പ്രവാസിയെ സംബന്ധിച്ചേടത്തോളം അവനു ഇത്തരം ഭീഷണികൾ ബാധകമല്ല, കാരണം അവൻ ജന്മനാട്ടിലേക്ക് ഒരു കാലാവുധി കഴിയുമ്പോൾ തിരിച്ച് പോകുന്നു.(Now returned to India (NRI) എന്നാൽ അമേരിക്ക പോലുള്ള രാജ്യങ്ങൾ അവിടേക്ക് പ്രവാസിയായി എത്തുന്നവർക്ക് അവിടത്തെ പൗരനാകാനുള്ള അവകാശം കൊടുക്കുന്നുണ്ട്. (Never returned to India, NRI) തൻെറ സംസ്കാരം മാത്രമാണു ഉൽക്രുഷ്ടം (ethnocentrism) എന്ന് ഉയർത്തിപിടിക്കുന്ന മലയാളി സംസ്കാരസംഘർഷങ്ങളുടെ ഇരയായി അവനു തന്നെ വിനയാകുന്ന ചിത്രം ഒരു പക്ഷെ തൻെറ നിരീക്ഷണങ്ങളിൽ നിന്ന് അല്ലെങ്കിൽ വായിച്ചറിഞ്ഞ അറിവിൽ നിന്ന് ഭാവനയുടെ

നിറം ചേർത്ത് ശ്രീ സാംസി വരച്ചിടുമ്പോൾ ആ കോലങ്ങൾ തൻേറതല്ലേ എന്ന് പലർക്കും തോന്നാം. സാംസിയുടെ വരികൾ ഉദ്ധരിക്കട്ടെ. “അമേരിക്കൻ ജീവിതം കാട്ടിത്തന്ന ചില ജീവിതയാഥാർത്ഥ്യങ്ങളുടെ ഈ നേർചിത്രങ്ങളിൽ, നിങ്ങളും ഞാനും ഉണ്ട്. ഇത് അപൂർണ്ണമാണ്.'' അതേ, ഇത് അപൂർണ്ണമാണ്. ഇത് പ്രവാസികളുടെ ഒന്നാം പുസ്തകമാകുന്നത് അത്കൊണ്ടാണ്. കാരണം ഇതിൻെറ പിന്നാലെ അനേകം പുസ്തകങ്ങൾ വരാം. ഒരു പക്ഷെ ശ്രീ സാംസി തന്നെയെഴുതാം, അല്ലെങ്കിൽ വേറെ ആരെങ്കിലും. പ്രവാസിയുടെ ഒന്നാം പുസ്തകം എന്ന പ്രയോഗത്തിലൂടെ ഇത് മുഴുവൻ അമേരിക്കൻ മലയാളികളുടെ കഥയല്ലെന്ന് വ്യക്തം. ഈ നോവൽ അമേരിക്കയിലെ ന്യൂയോർക്കിലെ ഒരു കൂട്ടം മലയാളികളുടെ കഥ പറയുന്നു. അവരുടെ കഥ ഒരു പക്ഷെ തലമുറകളിലൂടെ കഥയല്ലതാകാം. കാരണം ഓരോ തലമുറയും അവർ ജനിച്ച് വളർന്ന സംസ്കാരവുമായി കൂടുതൽ കൂടുതൽ ഇഴുകിചേരുന്നു. കുടിയേറ്റഭൂമിയിൽ ഒരു ജനത പൂർണ്ണമായി അലിഞ്ഞ് ചേരുമ്പോൾ അവരുടെ കഥകളുടെ ഗതി മാറിപോകുമെന്ന് ചരിത്രം നമുക്ക് കാണിച്ച് തരുന്നു.. ഇവിടെ പറഞ്ഞാലും പറഞ്ഞാലും തീരാത്ത കഥകൾ ഉണ്ടെന്ന് ശ്രീ സാംസി നോവലിൽ പറയുന്നതിൽ നിന്നും മലയാളി കുടിയേറ്റക്കാർ അവരുടെ സംസ്കാരം കയ്യിൽ പിടിച്ച് ഇവിടെ ചേരാതെ അങ്ങനെ നിന്ന് ഭാവിയിലും എഴുത്തുകാരെ കൊണ്ട് എഴുതിപ്പിയ്ക്കുമെന്ന സൂചനയാണു അതിൽ ഉള്ളത്.

തലമുറകൾക്ക് എങ്ങനെയാണു തങ്ങളുടെ പൂർവ്വികരിൽ പലരും ഇവിടെ ജീവിതം കരുപ്പിടിപ്പിച്ചതെന്നു ഈ പുസ്തകം അറിവ് പകരുമെന്ന് തീർച്ചയാണ്. ഒരു പക്ഷെ അവർക്ക് ഇത് മാർഗ്ഗദർശനമാകാം. എങ്ങനെ ജീവിത സാഹചര്യങ്ങളെ എതിരേൽക്കണം അല്ലെങ്കിൽ എതിരിടണമെന്ന അറിവ്. ഈ ലോകത്തിലെ മറ്റെ പകുതി എങ്ങനെ ജീവിക്കുന്നുവെന്ന് ആർക്കുമറിയില്ലെന്ന് ഒരമേരിക്കൻ ജേണലിസ്റ്റും ഗ്രന്ഥകാരനുമെഴുതി. (Jacob Riis ) ആ പുസ്തകം ന്യൂയോർക്കിലെ പാവപ്പെട്ടവരുടെ ജീവിതസാഹചര്യങ്ങൾ അഭിവ്രുദ്ധിപ്പെടുത്താൻ സഹായിച്ചു. അതെപോലെ അമേരിക്കയിൽ താമസിക്കുന്ന മറ്റ് മലയാളികൾക്ക് തങ്ങളുടേതായ സമൂഹങ്ങളിൽ എന്തു നടക്കുന്നുവെന്ന ഒരു അറിയിപ്പ് ഈ പുസ്തകം നൽകാതിരിക്കില്ല. ഒരു പക്ഷെ അവരെ അതിലെ പങ്കാളികളായി കാണാനും അല്ലെങ്കിൽ ഓരോ പ്രത്യേക സാഹചര്യത്തിലും മനുഷ്യർ എങ്ങനെ പ്രതികരിക്കുന്നുവെന്ന വിവരണങ്ങൾ മനസ്സിലാക്കാനും അവർക്ക് അവസരമുണ്ടാകും.

കുടിയേറ്റകാരുടെ കഥ പറയുന്ന ഈ നോവൽ ഒരു കാര്യം സമർത്ഥിക്കുന്നുണ്ട്. മലയാളികൾ കുറ്റപ്പെടുത്തുന്ന അമേരിക്കൻ സംസ്കാരമല്ല അവർക്ക് നേരിടേണ്ടി വരുന്ന വെല്ലുവിളി. അവർ വിശ്വസിക്കുകയും കൂടെ കൊണ്ടുപോരുകയും ചെയ്ത സംസ്കാരത്തിൻെറ ശരി തെറ്റുകൾ പുതിയ ആകാശവും പുതിയ ഭൂമിയുമുള്ളയിടത്ത് പുന:പരിശോധന നടത്താനുള്ള വൈമനസ്യമാണു. മിസ്റ്റർ വർഗസ് ലോസ എന്ന പെരുവിയൻ എഴുത്തുകാരൻ എഴുതി. കുടിയേറ്റം സംസ്കാരത്തിനൊ, സാമ്പത്തികവ്യ്വസ്ഥയ്ക്കോ, സുരക്ഷിതത്വത്തിനൊ ഒരു ഭീഷണിയാകുന്നില്ല, . അത് വളരെ പാവനവും, ലളിതവും ജനിച്ച മണ്ണിലല്ലാതെ മറ്റൊരിടത്തേയ്ക്ക് പോകാനും, അവിടെ ജോലിചെയ്ത്, അവിടെ കിടന്ന് മരിക്കാനുമുള്ള അവകാശമാണ്. അത് ആകസ്മികത്തിനു മീതെയുള്ള വരണ സ്വാതന്ത്ര്യത്തിൻെറ വിജയമാണ്. മലയാളിയുടെ പരാജയം “എൻെറ കേരളം ഇവിടെ വരേണമേ” എന്ന നിത്യപ്രാർത്ഥനയാണ്. ഒരു പക്ഷെ പ്രവാസി മാതാപിതാക്കന്മാർ ചെയ്തത് ശരിയായിരിക്കാം. അവർ അവർക്കറിയുന്ന ഒരു

സംസ്കാരത്തിൽ കുട്ടികൾ വളരണമെന്നാശിക്കുന്നു. എല്ലാ കുടിയേറ്റക്കാരും കലാപ്രേമികളാണെന്ന് എഡ്വിജ് ഡാൻറികേറ്റെന്ന ഹൈത്തി-അമേരിക്കൻ നോവലിസ്റ്റ് എഴുതി. കാരണം പ്രവാസികൾ പുതുതായി ഉണ്ടാക്കുന്ന ജീവിതം ഒരു തരം അഴിച്ച്പണിയലാണ് അവ മഹത്തായ സാഹിത്യരചനകൾക്ക് ഒപ്പമാകുന്നു.

കേരളത്തിൽ നിന്നും കുടിയേറിയ മലയാളി കുടുംബങ്ങൾക്ക് ഒരേ ലക്ഷ്യമായിരുന്നു എന്ന് നോവലിൽ നിന്നും മനസ്സിലാക്കാം. സാമ്പത്തിക പര്യാപ്തത, സന്താനങ്ങളുടെ ഉയർന്ന വിദ്യാഭ്യാസവും ജോലിയും. അതിനായി കഴുതയെപോലെ ജോലി ചെയ്തവർ രണ്ടു സംസ്കാരങ്ങൾക്കിടയിൽ പെട്ടു ആശയക്കുഴപ്പമനുഭവിയക്കുന്ന മക്കളുടെ നിസ്സഹായത മനസ്സിലാക്കിയില്ല. ജീവിതത്തിൽ സ്പനം കാണാൻ കഴിയാതിരുന്ന സൗഭാഗ്യങ്ങൾ കഠിനദ്ധ്വാനത്തിലൂടെ നേടിയിട്ടും അതിനു അവസരം ഉണ്ടാക്കി തന്ന അമേരിക്കയെന്ന നാടിനോട് മലയാളി തന്റെ നന്ദി കാണിക്കുന്നില്ല; മറിച്ച് അമേരിക്കൻ സംസ്കാരത്തെ തള്ളിപ്പറയുന്ന ഒരു പ്രവണതയാണു നോവലിലെ കഥാപാത്രങ്ങളുടെ ജീവിതത്തിൽ നിന്നും ഉൾതിരിയുന്നത്. വാസ്തവത്തിൽ ദെൽഹി നഗരത്തിലും, കേരളത്തിലും കഷ്ടപ്പെട്ടു കഴിഞ്ഞവർക്ക് അവരുടെ ജീവിതം കരുപ്പിടിപ്പിക്കാനായത് അമേരിക്കയിൽ വന്നപ്പോഴാണ്. എന്നാൽ അത് മനസ്സിലാക്കാതെ അവർ എന്തിനെയൊക്കെയോ കുറ്റപ്പെടുത്തുന്നു. പലരും അവരുടെ ജീവിതം അവർ ആഗ്രഹിക്കുന്ന പോലെ കെട്ടിപടുക്കാൻ മാത്രം വിദ്യാഭ്യാസ യോഗ്യതയുള്ളവരായിരുന്നില്ല. അത് കൊണ്ട് അവർക്ക് എളിയ ജോലികളിൽ ഏർപ്പെടേണ്ടി വന്നു. എന്നിട്ടും മറ്റ് രാജ്യങ്ങളിൽ നിന്നും വന്നവരേക്കാൾ കേരളത്തിൽ നിന്നും വന്നവർ ഒരു പക്ഷെ സാമ്പത്തികമായി ഉയർന്നത് ഇവിടത്തെ മെൽടിംഗ് പോട്ടിൽ അലിഞ്ഞ് ചേരാതെ വേറിട്ട് നിന്നത്കൊണ്ടാകാം. അതിൽ കുഴപ്പമില്ലായിരുന്നു; തലമുറകളുടെ വിടവിനെപ്പ്റ്റി അവർ ബോധവാന്മാർ ആയെങ്കിൽ. ഇന്ത്യയിൽ ജനിക്കാത്ത ഇന്ത്യയിൽ വളരാത്ത കുട്ടികൾ മാതാപിതാക്കൾ ഇന്ത്യകാരാണെന്ന വസ്തുതമേൽ ഇന്ത്യക്കാരായി മുദ്രചെയ്യപ്പെടുമ്പോൾ ഒരോ കുട്ടിയും അനുഭവിക്കുന്ന ആത്മസംഘർഷത്തിൻേറയും നിസ്സഹായതയുടേയും അളവ് തങ്ങളുടെ സംസ്കാരം ശരിയെന്ന് ധരിച്ച് അഹങ്കരിക്കുന്ന മാതാപിതാക്കൾ മനസ്സിലാക്കാത്തത് ദയനീയമാണ്. ഈ നോവലിൽ സാംസി ഒരു രംഗം കുറിക്കുന്നുണ്ട്. ഞാൻ റ്റെന്നിസ് കളിക്കാൻ പോവുകയാണെന്ന് മകൻ പറയുമ്പോൾ അവൻ പോകുകയാണെന്ന് പറയുകയാണു, പോകട്ടെ എന്ന് തന്നോട് അനുവാദം ചോദിക്കയല്ലെന്ന് പിതാവ് ചിന്തിക്കുന്നത്. നിസ്സാര കാര്യങ്ങളുടെ ദുർബ്ബലമായ ചരടുകൾ കൊണ്ട് സ്വന്തം കഴുത്തിൽ കുരുക്കിട്ട് ശ്വാസത്തിനു വേണ്ടി പിടയുന്ന പാവത്തന്മാർ.

അമേരിക്കൻ സ്വപനം എന്ന് പറയുന്നത്: ജനന സാഹചര്യങ്ങളൊ, സമൂഹത്തിലെ ശ്രേണികളോ പരിഗണിക്കാതെ എല്ലാവർക്കും ജീവിതം കൂടുതൽ മെച്ചവും, ശ്രേഷ്ഠവും, പൂർണ്ണവും അവരുടെ യോഗ്യതയും നേട്ടങ്ങളും അനുസരിച്ചുള്ള അവസരങ്ങളും ഉണ്ടാക്കി കൊടുക്കുക എന്നാണ്. ഇതായിരിക്കെ ഇതിലെ കഥാപാത്രങ്ങൾക്കും അവരുടെ കഴിവുകൾ അനുസരിച്ചുള്ള ജീവിത സാഹചര്യം അമേരിക്ക പ്രദാനം ചെയ്തിട്ടുണ്ട്. എന്നിട്ടും ഒരു കഥാപാത്രം ചോദിക്കുന്നു: നാം നേടിയതെന്തുവാടോ( പേജ് 337). തിരഞ്ഞെടുത്ത കുറേ മലയാളി കുടുംബങ്ങളുടെ കഥയിലൂടെ സാംസി അവരെ നമ്മുടെ മുന്നിൽ വിചാരണ ചെയ്യുകയാണ്. വിധി നിർണ്ണയിക്കേണ്ടത് വായനകാരനാണെന്ന മട്ടിൽ.

സാംസി അത്തരം സന്ദർഭങ്ങളിൽ നോവലിസ്റ്റിൻേറതായ കമൻറുകൾ ഒന്നും എഴുതുന്നില്ല. എങ്കിലും പല സ്ഥലങ്ങളിലും നോവലിസ്റ്റ് ഓരോ സാഹചര്യങ്ങളും വിലയിരുത്തിക്കൊണ്ട് താത്വികമായ ചില സന്ദേശങ്ങൾ നൽകുന്നുണ്ട്. കൂടാതെ ബൈബിൾ വചനങ്ങളിലൂടെ അത്തരം രംഗങ്ങളുടെ സ്വാഭാവികതയും, വിശ്വസനീയതയും ഉറപ്പാക്കുന്നു മക്കളോടുള്ള അതിരു കവിഞ്ഞ സ്നേഹവും കരുതലും ആണു മിക്കവരുടേയും ജീവിതത്തിലെ പ്രശ്നങ്ങൾക്ക് കാരണം. ഭാര്യ-ഭർതൃബന്ധങ്ങൾ പരസ്പരം സഹകരിച്ചും സഹായിച്ചും കഴിയുന്നുണ്ട്. അവിടെ വിള്ളലുകൾ ഇല്ല. എങ്കിലും ചിലയിടങ്ങളിൽ സ്ത്രീയുടെ ചാരിത്ര്യ ശുദ്ധിയിൽ കളങ്കമേൽപ്പിക്കുന്ന പരാമർശങ്ങൾ ഉണ്ട്. നമ്മുടെ ഭാര്യമാർ അധരം കൊണ്ട് ഭർത്താക്കന്മാരെ പുകഴ്ത്തുന്നു ഹ്രുദയം കൊണ്ട് കാമുകരെ സ്നേഹിക്കുന്നു. അതും അമേരിക്കയെക്കുറിച്ചു കഥാപാത്രങ്ങൾക്കുള്ള മുൻ വിധിയിൽ നിന്നും ഉണ്ടായ ഒരു വിഭ്രാന്തിയായിരിക്കം. ഇവിടെ മദാമ്മമാർ ജീവിത പങ്കാളിയെ ചതിച്ച് കാമുകരൊത്ത് കാമലീലകളിൽ ഏർപ്പെടുന്നു എന്ന മുഴുവനായി ശരിയല്ലാത്ത ഒരു ധാരണ.. ഒരു ന്യൂന്യപക്ഷത്തിൻെറ കാര്യത്തിൽ അത് ശരിയായിരിക്കാം. അതിനു അമേരിക്കൻ സംസ്കാരം ഉത്തരവാദിയല്ല.. ഒരു പക്ഷെ അസംത്രുപ്തയായ മലയാളി സ്ത്രീയും അങ്ങനെ ഒന്ന് നോക്കിയലോ എന്ന് ചിന്തിക്കുമോ എന്ന ഉൾഭയമായിരിക്കാം. ആർഷസംസ്കാരം പുരുഷനു നൽകുന്ന അമിതമായ ആനുകൂല്യങ്ങളും, മക്കളിൽ നിന്നും ന്യായമായി കിട്ടേണ്ട അനുസരനയും വിധേയത്വവും അപ്പടി ഇവിടേയും പ്രതീക്ഷിച്ച് അനാവശ്യമായ ആപത്തുകൾ വരുത്തി വച്ച് അതും അമേരിക്കയുടെ തലക്കിരിക്കട്ടെ എന്ന മൂഢചിന്തക്കെതിരേയും സാംസി തൂലിക വിറപ്പിക്കുന്നു.

മറ്റ് രാജ്യക്കാരെ അപേക്ഷിച്ച് ഭാരതീയർക്ക് പ്രത്യേകിച്ച് കേരളീയർക്കാണു അമേരിക്കയെ മുഴുവാനായി സ്വീകരിക്കാൻ പ്രയാസം. അത്കൊണ്ട് തന്നെ അവർ അനാവശ്യമായ പ്രശ്നങ്ങൾ വിതയ്ക്കുന്നു. വെറും പതിരു കൊയ്ത് വീണ്ടും അത് തന്നെ വിതയ്ക്കുന്നു. ഫലമോ വിളവില്ലാത്ത തരിശ് ഭൂമി. ആരാണു അമേരിക്കൻ എന്ന ഒരു ലേഖനത്തിൽ ഫ്രാൻസിൽ നിന്നും അമേരിക്കയിലേക്ക് കുടിയേറിയ ജെ വിക്ടർ സെൻറ് ജോൺ ക്രെവികോവർ ഇങ്ങനെ എഴുതി: ഒരാൾ അമേരിക്കനാകുന്നത് അയാൾ അയാളുടെ പുരാതനമായ ഇഷ്ടാനിഷ്ടങ്ങളും, പെരുമാറ്റ രീതികളും പുറകിൽ വിട്ട്, പുതുതായി ഉൾക്കൊണ്ട ജീവിതത്തെ സ്വീകരിച്ച്, അവിടത്തെ സർക്കാരിനെ അനുസരിച്ച്, അവിടെ അയാൾക്ക് ലഭിച്ച പദവിയിൽ സന്തോഷം കൊള്ളുമ്പോൾ ആണ്. എന്നാൽ അമേരിക്കൻ പൗരത്വം ഭൗതികനേട്ടങ്ങൾക്ക് വേണ്ടി മാത്രം സ്വീകരിക്കുന്ന മലയാളികളിൽ പലരും അമേരിക്കനാകുന്നില്ല. ലോകമേ തറവാട് എന്ന ആർഷഭാരത ചിന്തയൊന്നും അമേരിക്കൻ മലയാളിക്കില്ല. ഭൗതികനേട്ടങ്ങൾക്ക് മുൻ തൂക്കം നൽകി അതിൻെറ ഭാരത്തിൽ മൂക്ക് കുത്തി വീഴുന്ന ജീവിതങ്ങൾ അവർ ജീവിച്ച് തീർക്കുന്നു. അവർക്കിവിടെ ആത്മസാക്ഷാത്കാരത്തിനും, ആത്മീയാംഗീകാരത്തിനു, ആത്മബോധമുണ്ടാകാനും, ആത്മനിർവ്വചനം നടത്താനുമൊക്കെ അവസരങ്ങൾ ഉണ്ട്. എന്നാൽ സ്വന്തമായി വീടും, മക്കളെ പഠിപ്പിച്ച് വലിയ ഉദ്യോഗം നേടികൊടുക്കലും മാത്രം ജീവിതലക്ഷ്യമാകുമ്പോൾ അമേരിക്കൻ മണ്ണിൽ ജീവിക്കാൻ മറന്ന്പോകുന്നവരുടെ കദന കഥ ഭാവുകത്വത്തിൻെറ ക്രുതിമ ചായം തേയ്ക്കാതെ ശ്രീ സാംസി വരച്ചിട്ടിട്ടുണ്ട്. ഭക്ഷണത്തിനു രുചിയേറ്റുന്ന ഉപ്പിനെപോലെ സാംസിയുടെ ഭാഷയുടെ ലാവണ്യം വായനക്കാരൻ ഇഷ്ട്പെടുന്ന രീതിയിലാണ്.

ഒരു പക്ഷെ അമേരിക്കൻ സംസ്കാരത്തിൽ അലിഞ്ഞ് ചേർന്ന് (Assimilation), ദന്തഗോപുരങ്ങളിൽ ഇരുന്ന് പൂർവ്വികർ താലോലിച്ച ചില മിത്തുകളെ ഉന്മൂലനം (Deracination) ചെയ്യാൻ വരും തലമുറയെ ചിന്തിപ്പിക്കാൻ ഈ നോവലിലെ കഥകൾ ഉത്സാഹിപ്പിച്ചേക്കാം. ഭാവിയെ എത്തിപ്പിടിക്കാൻ ശ്രമിക്കുമ്പോൾ നഷ്ടപ്പെടുന്ന വർത്തമാന കാലവും പിന്നെ ഭാവിയിൽ അതിനെ തിരിച്ചറിയുന്ന ബോധവും പ്രവാസിയെ വേദനിപ്പിച്ച്കൊണ്ടിരിക്കുന്നുവെന്ന് ഈ നോവൽ വായിച്ച് കഴിയുമ്പോൾ മനസ്സിലാകും. അതേ സമയം വ്യക്തിബന്ധങ്ങൾ പണത്തിൻെറ ദുർബ്ബലമായ നൂലിൽ കെട്ടപ്പെടുകയും പൊട്ടിപോകയും ചെയ്യുന്നതും വളരെ പ്രകടമായി പ്രതിപാദിച്ചിട്ടുണ്ട്.. ശ്രീ സാംസി ഇതിൽ എഴുതുന്നു: എല്ലാ കുടിയേറ്റക്കാരും കഥകൾ കൊണ്ടു നടക്കുന്നവരാണ്. അങ്ങനെ പുതിയ പുറപ്പാട്പുസ്തകങ്ങൾ എഴുതപ്പെടട്ടെ. ഈ പുസ്തകം വായിച്ച് അമേരിക്കൻ മലയാളികളുടെ ചരിത്രം ഇതാണു എന്ന് വായനകാരൻ ചിന്തിച്ച്പോകുന്ന തരത്തിൽ വളരെ വിശ്വസനീയതയോടെ എഴുതപ്പെട്ട ഈ നോവൽ അങ്ങനെ ഒരു അപഖ്യാതി അല്ലെങ്കിൽ തെറ്റിദ്ധാരണ വളർത്തുക കൂടി ചെയ്യാവുന്നതാണ്. വളരെയധികം പരിഹാസങ്ങൾക്ക് ശരവ്യമായി തീർന്നിട്ടുള്ള അമേരിക്കൻ മലയാളി ഇത് യാഥാർത്ഥ്യങ്ങൾക്ക് നേരെ എഴുത്തുകാരൻ പിടിക്കുന്ന കണ്ണാടിയാണെന്ന് മനസ്സിലാക്കാതിരിക്കില്ല.

വായനകാരൻെറ പ്രതികരണം (Reader Response) ഉണ്ടാകുന്ന വരെ പുസ്തകത്തിനു ഒരു അർത്ഥവുമില്ല. പലരും പലതരത്തിൽ ഒരു പുസ്തകം വായിക്കുന്നു അവരുടെ അഭിപ്രായങ്ങൾ പറയുന്നു. സ്വന്തം സംസ്കാരത്തിൻെറ ഉൽക്രുഷ്ടത ഉയർത്തിപ്പിടിച്ച് മറ്റ് സംസ്കാരങ്ങളിൽ നിന്ന് അകന്ന് കഴിയുമ്പോൾ (ethnocentric monoculturism) അത്തരം സംസ്കാരങ്ങളെ കുറിച്ച് ഒരു ജനതയക്ക് മനസ്സിലാകാനുള്ള അവസരം ലഭിക്കുന്നില്ല. അതെ സമയം സ്വന്തം സംസ്കാരം ഉയർത്തിപ്പിടിക്കുന്നവർ തമ്മിൽ തമ്മിൽ അവരുടെ സംസ്കാരത്തെ ചൊല്ലി അഭിപ്രായ ഭിന്നതയുണ്ടാകാം(ethnocentric dissension). വാസ്തവത്തിൽ ഈ രണ്ടു തത്വവിചാരങ്ങൾ ഒരു സമൂഹത്തെ എങ്ങനെ പ്രതികൂലമായി ബാധിക്കുന്നുവെന്ന് ഈ നോവൽ ദ്രുഷ്ടാന്തപ്പെടുത്തുന്നു.

ശ്രീ സാംസിയുടെ പുസ്തകത്തിനു ധാരാളം വായനകാർ ഉണ്ടാകട്ടെ, അവരുടെ അഭിപ്രായങ്ങളും, വിമർശനങ്ങളും ശ്രീ സാംസിക്ക് അടുത്ത നോവൽ രചനയിൽ മാർഗ്ഗദർശനമാകട്ടെ, പ്രചോദനമാകട്ടെ, പ്രതിഫലമാകട്ടെ എന്നാശംസിച്ച്കൊണ്ട് ഈ കുറിപ്പ് ഉപസംഹരിക്കുന്നു.

പുസ്തകത്തിൻെറ കോപ്പികൾക്കായി ഇ-മലയാളിയുമായോ, ശ്രീ സാംസി കൊടുമണ്ണുമായോ (ഫോൺ: 516-270-4302) ബന്ധപ്പെടുക.

**ശുഭം**